LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കരയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി

17 [808] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുവിക്കരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അരുവിക്കരയിൽ ഈ സാമ്പത്തിക വർഷം തന്നെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 6-1-2005-ൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 58/2005/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം അനുമതി നൽകിയ മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) അരുവിക്കരയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ 4-2-2006-ൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

കീഴൂരിലെ അക്രമ സംഭവങ്ങൾ

18 [809] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 നവംബർ 9-ന് കാസർഗോഡ് ജില്ലയിലെ കീഴൂരിൽ ഉണ്ടായ അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രതികൾ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) യഥാർത്ഥ പ്രതികളെ ഒഴിവാക്കി നിരപരാധികളെ കേസ്സിൽ ഉൾപ്പെടുത്തിയതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.